**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1035** **10-08-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജനവാസ, വിനോദ സഞ്ചാര മേഖലകളിൽ വന്യജീവികളുടെ സാന്നിധ്യവും ആക്രമണവും വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലകളിൽ വന്യജീവികളുടെ ആക്രമണം വർദ്ധിച്ചുവരുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ ജനവാസമേഖലകളിൽ ചിലയിടങ്ങളിൽ വന്യജീവി ആക്രമണം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. ജനവാസ മേഖലകളോട് ചേർന്നുള്ള വനാതിർത്തികളിൽ സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.<br><br>2.വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും ജനവാസ മേഖലകളിലിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) സേവനം വിനിയോഗിച്ചു വരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് എട്ട് സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകൾ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി,കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നിവിടങ്ങളിലും ഏഴ് താത്ക്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു.<br><br>3. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം |

| | | | |
|---|---|---|---|
| | | | വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.<br><br>4. പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.<br><br>5. ജനവാസ മേഖലകളിലിറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്.<br><br>6. ജനവാസ മേഖലയിലിറങ്ങുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേക്ക് തുരത്താൻ കഴിയാതെ വരുന്നപക്ഷം അവയെ പിടികൂടി ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്.<br><br>7. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.<br><br>8. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |
| (ബി) | വന്യജീവികളുടെ ആക്രമണങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ വനജാഗ്രതാ സമിതികളെ ഉപയോഗപ്പെടുത്തിയും മറ്റ് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിന് കൂടുതൽ ഫലപ്രദമായ നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ സംസ്ഥാനത്ത് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 261 ജനകീയ ജനജാഗ്രതാസമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളിവാർണിംഗ് സിസ്റ്റം, വനത്തിനോട് ചേർന്ന് താമസിക്കുന്നവരെ ഉൾപ്പെടുത്തി വാട്സ്ആപ് ഗ്രൂപ്പ്, എസ്.എം.എസ് അലർട്ട് സംവിധാനം, എന്നിവയും വന്യമൃഗങ്ങളുടെ |

| | | | |
|---|---|---|---|
| | | | സാന്നിദ്ധ്യം/സഞ്ചാരപഥം അറിയുന്നതിനായി റേഡിയോ കോളറിംഗ്, ക്യാമറ ട്രാപ്പിംഗ്, ലൈവ് ക്യാമറ, ഡ്രോൺ തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകളും ഉപയോഗിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം തടയുന്നതിനായി കഴിഞ്ഞ വർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ; പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം തടയുന്നതിനായി കഴിഞ്ഞ വർഷം (2022-23) നടപ്പിലാക്കിയ പദ്ധതികളുടെ വിവരവും ആയതിലേക്കായി ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | സംസ്ഥാനത്ത് വനാതിർത്തിയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ മനുഷ്യ-മൃഗ സംഘർഷം ഫലവത്തായും ശാശ്വതമായും ഇല്ലായ്മ ചെയ്യുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | 1. സംസ്ഥാനത്ത് വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി കൂടുതൽ സ്ഥലങ്ങളിൽ സൗരോർജ്ജവേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ കിടങ്ങ് തുടങ്ങിയവ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>2. ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും, കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച് പഠനം നടത്തി വരുന്നുണ്ട്.<br>3. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട് ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും KFRI, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെറ്റിനററി യൂണിവേഴ്സിറ്റി, ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ, തദ്ദേശവാസികൾ എന്നിവരുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കിൾ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>4. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ഹ്രസ്വകാല ദീർഘകാല പദ്ധതികൾ കണ്ടുപിടിക്കുവാനും അതിനാവശ്യമായ സാമ്പത്തിക സ്രോതസ്സ് നിർദ്ദേശിക്കുവാനും സ.ഉ (സാധാ) നം.242/2023/വനം, തീയതി 20.06.2023 പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1035**

**അനുബന്ധം**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | സൗരോർജ്ജ വേലി (നിർമ്മാണം / അറ്റകുറ്റപ്പണികൾ) | 369.13 |
| 2 | സൗരോർജ്ജ തൂക്കുവേലി (നിർമ്മാണം / അറ്റകുറ്റപ്പണികൾ) | 244.04 |
| 3 | ആന പ്രതിരോധ കിടങ്ങ് (നിർമ്മാണം / അറ്റകുറ്റപ്പണികൾ) | 112.33 |
| 4 | സോളാർ ലാമ്പ് | 3.54 |
| 5 | വിസ്താ ക്ലിയറൻസ് | 1.89 |